കീഴിലും; വൈറ്റമിൻ-എ, ഇൻസുലിൻ, അസുപിരിൻ എന്നീ പ്രോജക്ടുകളും ആലപ്പുഴ ജില്ലയിലെ ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് എന്ന കമ്പനിയുടെ കീഴിലും; സൂപ്പർ ക്ലേസ്ആൻഡ് മിനറൽസ്, ഗ്ലേസ്ഡ് ടൈൽസ് ആൻഡ് പൈപ്പ്സ് എന്നീ യൂണിറ്റുകളും കണ്ണൂർ ജില്ലയിലും തുടങ്ങാൻ ഉദ്ദേശിച്ചിട്ടുണ്ട്.

കേരള ഷിപ്പിംഗ് കോർപ്പറേഷൻ

*110 [119] ശ്രീ. പി. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഷിപ്പിംഗ് കോർപ്പറേഷനു ഇപ്പോൾ എത്ര കപ്പലുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കോർപ്പറേഷനു ഇപ്പോൾ സ്വന്തമായി കപ്പലുകൾ ഇല്ലെങ്കിൽ കോർപ്പറേഷൻ തുടർന്നു പ്രവർത്തിക്കുന്നതിന്റെ ഉദ്ദേശം വ്യക്തമാക്കാമോ;

(സി) കോർപ്പറേഷൻ തുടർന്നു കപ്പലുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കോർപ്പറേഷനിൽ ഇപ്പോൾ എത്ര ഉദ്യോഗസ്ഥൻമാർ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) കൈരളി കാണാതായതിനെ തുടർന്നു കോർപ്പറേഷനിലെ ജീവനക്കാർക്ക് നാളിതുവരെ എത്ര രൂപ ശമ്പളമിനത്തിൽ നൽകിയിട്ടുണ്ട്?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) കേരളാ ഷിപ്പിംഗ് കോർപ്പറേഷന്റെ ഏകകപ്പലായ കൈരളി 3-7-1979 മുതൽ കാണാതായതിനെത്തുടർന്നു കോർപ്പറേഷനു ഇപ്പോൾ കപ്പലുകൾ ഒന്നുമില്ല.

(ബി) കോർപ്പറേഷന്റെ ഏക കപ്പലായ കൈരളി നഷ്ടപ്പെട്ടുവെന്ന കാരണം കൊണ്ടുമാത്രം കോർപ്പറേഷന്റെ പ്രവർത്തനം അവസാനിപ്പിക്കണമെന്നു പറയുന്നത് ശരിയല്ല. കോർപ്പറേഷൻ വ്യക്തമായ ഉദ്ദേശലക്ഷ്യത്തോടുകൂടി ആരംഭിച്ച ഒരു സ്ഥാപനമെന്ന നിലയിൽ ആരംഭദശയിലുണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ അതിജീവിച്ച് ഉദ്ദേശപ്രാപ്തിക്കുവേണ്ടി കോർപ്പറേഷൻ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. കൈരളിയുടെ നഷ്ടം ഷിപ്പിംഗ് കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം വലിയ ഒരാഘാതമാണ്. ഇത്തരുണത്തിൽ കോർപ്പറേഷന്റെ ഭാവി എങ്ങനെയായിരിക്കണമെന്ന കാര്യം ഗവൺമെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

(സി) ചോദ്യം ബി-യുടെ ഉത്തരത്തിൽ സൂചിപ്പിച്ചതുപോലെ കോർപ്പറേഷന്റെ ഭാവി എങ്ങനെയായിരിക്കണമെന്ന കാര്യത്തിൽ ഒരന്തിമ തീരുമാനമായതിനുശേഷമേ തുടർന്നു കപ്പലുകൾ വാങ്ങണമോ എന്നതു തീരുമാനിക്കാൻ നിർവ്വാഹമുള്ളൂ.

(ഡി) കോർപ്പറേഷൻ ആഫീസിൽ 18 ജീവനക്കാരുള്ളതിൽ സെക്രട്ടറിയുടേയും ജനറൽ മാനേജരുടേയും തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതു കഴിച്ച് ബാക്കി 16 ജീവനക്കാരും കപ്പൽ ജോലിക്കാരിൽ അവകാശാവധിയിൽ കഴിയുന്ന 5 പേരും ഉൾപ്പെടെ ഇപ്പോൾ ആകെ 21 ജീവനക്കാരുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 'കൈരളി' കാണാതായതിനെത്തുടർന്നു കപ്പലിനോടൊപ്പം അപ്രത്യക്ഷമായ ജീവനക്കാരുടെ ബന്ധുക്കൾക്കും മറ്റു കോർപ്പറേഷൻ ജീവനക്കാർക്കും നൽകിയ ശമ്പളത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു:

		രൂപ	പൈ
1.	ശമ്പളമിനത്തിൽ ജീവനക്കാരുടെ ബന്ധുക്കൾക്ക് നൽകിയ തുക ..	90,771	40
2.	കപ്പലിലെ ജീവനക്കാരിൽ ഇപ്പോൾ അവകാശാവധിയിൽ കഴിയുന്നവർക്ക് നൽകിയ ശമ്പളം ..	47,563	29
3.	ആഫീസ് ജീവനക്കാർക്ക് നാളിതുവരെ നൽകിയ ശമ്പളം ..	22,441	65
	ആകെ	1,60,776	14

കരിമ്പിന്റെ പ്രഖ്യാപിത വില

*111 [120] ശ്രീ. പി. സി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും‌വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമ്പിനു ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള വിലനിരക്കെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇന്നത്തെ വിലയേക്കാൾ 20 രൂപ വീതം ടണ്ണിനു കൂടുതൽ നൽകാമെന്ന് കർഷകർക്ക് ഗവൺമെന്റ് ഉറപ്പുനൽകിയിട്ടുണ്ടോ;

(സി) ഈ ഉറപ്പ് നടപ്പിൽ വരുത്തുവാൻ സത്വരനടപടി സ്വീകരിക്കുമോ?

വ്യവസായവും വനവും‌വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): (എ) കരിമ്പിനു കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന വില മന്നം ഷുഗർ മില്ലിനും ട്രാവൻകൂർ ഷുഗേഴ്സിനും ടണ്ണിനു 100 രൂപാ വീതവും കോ-ഓപ്പറേറ്റീവ് ഷുഗേഴ്സിനു ടണ്ണിനു 108 രൂപ 20 പൈസാ വീതവുമാണ്.

17-11-1978-ൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കരിമ്പിന്റെ വിലയെപ്പറ്റിയും മറ്റും ചർച്ച ചെയ്യുവാൻ ഒരു കോൺഫറൻസ് നടക്കുകയും കർഷകർക്ക് ടണ്ണിനു 130 രൂപ വച്ച് കൊടുക്കുവാൻ നിശ്ചയിക്കുകയും ചെയ്തു.

(ബി) സംസ്ഥാന ഗവൺമെന്റ് 17-12-1977-ൽ പുറപ്പെടുവിച്ച ഒരു പത്രക്കുറിപ്പിൽ കരിമ്പിന്റെ വില 1978-79-ൽ സബ്സിഡിയടക്കം 150 രൂപയായി നൽകാമെന്നു അറിയിച്ചിരുന്നു. 1978 ആഗസ്റ്റിൽ പഞ്ചസാരയുടെ നിയന്ത്രണം കേന്ദ്രഗവൺമെന്റ് നീക്കുകയും പൊതുവിപണിയിൽ പഞ്ചസാരയുടെ വില കുത്തനെ താഴുകയും ചെയ്തതുമൂലം പഞ്ചസാരമില്ലുകളെ വൻനഷ്ടത്തിലായിത്തീരുകയും തൽഫലമായി സംസ്ഥാനത്തിലെ 3 മില്ലുകളും ഈ വില കൊടുക്കുവാനുള്ള പ്രായോഗിക ബുദ്ധിമുട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly